## പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ നടപടിക്രമങ്ങൾ

**വിഷയം:** പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.ധനപാലിനെ സേവനത്തിൽ പുന:പ്രവേശിച്ച് ഉത്തരവാകുന്നു.

**പരാമർശം:**
1. ശ്രീ.ധനപാലിന്റെ 25.10.2017 തീയതിയിലെ അപേക്ഷ.
2. പഞ്ചായത്ത് ഡയറക്ടറുടെ 22.11.2017-ലെ ഇ1-42277/14 നമ്പർ ഫയൽ.

### ഉത്തരവ് നമ്പർ ഇ1-01/2017(2) തീയതി: 29.11.2017

തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കേ സേവനത്തിൽ നിന്നും വിട്ടുനിൽക്കുന്ന ശ്രീ.സി.ആർ.ധനപാൽ സേവനത്തിൽ പുന: പ്രവേശിക്കുന്നതിലേയ്ക്കായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ശ്രീ.ധനപാൽ ജോലിയിൽ നിന്നും വിട്ടുനിന്ന കാലയളവ് ക്രമവൽക്കരണവുമായി ബന്ധപ്പെട്ട് നാളിതുവരെ തീരുമാനമായിട്ടില്ലെങ്കിലും ടിയാന്റെ അപേക്ഷ പരിഗണിച്ച് താൽക്കാലികമായി സേവനത്തിൽ പുന:പ്രവേശിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.ധനപാലിനെ പരാമർശം (1) പ്രകാരമുള്ള ടിയാന്റെ അപേക്ഷയുടെയും പരാമർശം (2) പ്രകാരമുള്ള തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സേവനത്തിൽ പുന:പ്രവേശിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടിയാന്റെ നിയമനം നിലവിലുള്ള അച്ചടക്കനടപടികളുടെ തീർപ്പിന് വിധേയമായിരിക്കുന്നതാണ്.

മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉടൻ പ്രാബല്യത്തോടെ ടി ഉത്തരവ് നടപ്പിൽ വരുത്തി പ്രസ്തുത വിവരം യഥാസമയം മേലധികാരികളെ അറിയിക്കേണ്ടതുമാണ്.

**(ഒപ്പ്)**
**എം.പി.അജിത്കുമാർ**
**അഡീഷണൽ പഞ്ചായത്ത് ഡയറക്ടർ**

**പകർപ്പ്:**
1. സെക്രട്ടറിക്ക്
2. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക്
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ/മലപ്പുറം
4. ഡയറക്ടർ/അഡീഷണൽ ഡയറക്ടർമാരുടെ സി.എ.യ്ക്ക്
5. കരുതൽ/അധികം

**ആജ്ഞാനുസരണം**

Cleitm

**സൂപ്രണ്ട്**